I.ഇ.ബി. XIIകേരള നിയമസഭ/VIII-5

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ജൂൺ 27,വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

വൈദ്യുതി പ്രതിസന്ധി

മി. സ്പീക്കർ: അതിരൂക്ഷമായ വൈദ്യുതി പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ നാഷണൽ വിദ്യുത് വ്യാപാർ നിഗം (എൻ.വി.വി.എൻ.)-ന് വൈദ്യുതി നൽകാമെന്ന് കരാർ വയ്ക്കുകയും സംസ്ഥാനത്തിന്റെ വൈദ്യുതി കംഫർട്ട് ചാർജ്ജ് വാങ്ങിക്കൊണ്ട് വിൽക്കുകയും ചെയ്യുന്ന നടപടിമൂലം സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള അതീവ ഗുരുതരമായ വൈദ്യുതി പ്രതിസന്ധിയെപ്പറ്റി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണ മെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, സി.ടി.അഹമ്മദ് അലി, ജോസഫ് എം. പുതുശ്ശേരി, കെ. ബി.ഗണേഷ്കുമാർ,

കെ. കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :അസാധാരണമായുണ്ടായ മഴയുടെ ദൗർലഭ്യമാണ് സംസ്ഥാനത്ത് ഇപ്പോൾ വൈദ്യുതി പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളത്. സംസ്ഥാനത്തെ പീക്ക് ലോഡ് ഡിമാന്റ് 2700 മെഗാ വാട്ട് വൈദ്യുതിയും ഉൽപ്പാദനശേഷി 2200 മെഗാവാട്ടുമാണ്. ജലവൈദ്യുത പദ്ധതികളിൽനിന്നുള്ള ഉൽപ്പാദനം 1850 മെഗാവാട്ടാണ്. മൂഴിയാർ, കക്കാട് എന്നീ നിലയങ്ങളിലുണ്ടായ അപകടത്തെതുടർന്ന് 350 മെഗാവാട്ട് ഉൽപ്പാദനം പൂർണ്ണമായും നിലച്ചു. മഴയില്ലാത്തതിനാൽ നദികളിൽ കൂടി ഒഴുകിയെത്തുന്ന വെള്ളത്തിൽനിന്നും ഉൽപ്പാദിപ്പിച്ചിരുന്ന 500 മെഗാവാട്ട് ലഭ്യമല്ലാതായി. ജലവൈദ്യുത പദ്ധതികളിൽനിന്നും ഇപ്പോൾ ആകെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നത് 1000 മെഗാവാട്ട് വെദ്യുതി മാത്രമാണ്. കേന്ദ്ര വിഹിതമായി 1041 മെഗാവാട്ട് വൈദ്യുതി ലഭിക്കേണ്ടതാണെങ്കിലും 700 മെഗാവാട്ട് മാത്രമാണ് ഇപ്പോൾ ലഭിക്കുന്നത്. അതീവ ഗുരുതരമായ വൈദ്യുതി പ്രതിസന്ധി ബോധ്യപ്പെടുത്തിയിട്ടുപോലും കേന്ദ്ര ഗവൺമെന്റ് വൈദ്യുതി വിഹിതം പുന:സ്ഥാപിക്കാനുള്ള യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. സംസ്ഥാനത്തെ താപവൈദ്യുത നിലയങ്ങളുടെ ഉൽപ്പാദനശേഷി 770 മെഗാവാട്ടാണ്. അതിന്റെ 80 ശതമാനം വരും ഉല്പാദനക്ഷമത. ഇതിൽനിന്നും 180 മെഗാവാട്ട് വൈദ്യുതി തമിഴ്നാടിന്

നൽകാമെന്ന് യു.ഡി.എഫ്. ഗവൺമെന്റാണ് കരാർ ഉണ്ടാക്കിയത്. താപവൈദ്യുത നിലയങ്ങളിൽനിന്നുള്ള 500 മെഗാവാട്ടും ജലവൈദ്യുത പദ്ധതികളിൽനിന്നുള്ള 1000 മെഗാവാട്ടും കേന്ദ്രവിഹിതമായി കിട്ടുന്ന 700 മെഗാവാട്ടും ചേർത്ത് 2200 മെഗാവാട്ടാണ് ഇപ്പോൾ ലഭ്യമാകുന്നത്. തെർമൽ നിലയങ്ങളിൽനിന്നുള്ള വൈദ്യുതിക്ക് ഒരു യൂണിറ്റിന് 10.68 രൂപ ചെലവ് വരുന്നുണ്ട്. ജലലഭ്യത കുറഞ്ഞതും മൂഴിയാറിലെ ഉൽപ്പാദനം നിലച്ചതും ചെമ്പുക്കടവ്, ഉറുമി എന്നീ ചെറുകിട പദ്ധതികളിൽ ഉൽപാദനം നടത്താൻ കഴിയാത്തതുകൊണ്ടുമാണ് ചെലവുകൂടിയ വൈദ്യുതി ഉൽപ്പാദിപ്പിച്ച് ഇപ്പോൾ വിതരണം ചെയ്യുന്നത്. പരമാവധി കപ്പാസിറ്റി ഉൽപ്പാദിപ്പിച്ചതുകൊണ്ടാണ് പ്രതിസന്ധിയില്ലാതെ കൊണ്ടുപോകാൻ സാധിച്ചിരുന്നത്. ഇതെല്ലാം ചെയ്താലും 500 മെഗാവാട്ട് ഷോർട്ടേജുണ്ട്. ഇത്തരമൊരു സാഹചര്യത്തിലാണ് പഞ്ചാബ്, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നും മിച്ച വൈദ്യുതി വാങ്ങുന്നതിനുള്ള കരാർ ഉണ്ടാക്കിയത്. സംസ്ഥാനത്തെ ഓഫ് പീക്ക് സമയത്ത് തിരിച്ചുകൊടുക്കാമെന്ന് വ്യവസ്ഥയുമുണ്ടാക്കിയിരുന്നു. പീക്ക് സമയത്ത് ഇപ്രകാരം 100 മെഗാവാട്ട് വൈദ്യുതി വാങ്ങിയാൽപ്പോലും 400 മെഗാവാട്ട് വൈദ്യുതിയുടെ കുറവനുഭവപ്പെടും. അതുകൊണ്ട് അര മണിക്കൂർ ലോഡ് ഷെഡിംഗ് ഏർപ്പെടുത്തുകയല്ലാതെ മറ്റ് പോംവഴിയില്ല. മൂഴിയാർ പവർ ഹൗസ് പ്രവർത്തിപ്പിക്കാൻ കഴിയുമായിരുന്നെങ്കിൽ ഈ സാഹചര്യം മാനേജ് ചെയ്യാൻ കഴിയുമായിരുന്നു. സാധാരണഗതിയിൽ ഇലക്ട്രിസിറ്റി ബോർഡ് ഒരു വർഷത്തേയ്ക്കുള്ള ജലസംഭരണികളിലെ വെള്ളത്തിന്റെ മാനേജ്മെന്റ്

നിശ്ചയിക്കുന്നത് ജൂൺ മുതൽ അടുത്ത വർഷം മേയ് വരെ ലഭിക്കാനിടയുള്ള മഴയെ ആസ്പദമാക്കിയാണ്. അതനുസരിച്ച് ജൂൺ 10 വരെ പൂർണ്ണ തോതിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ജലം ക്രമീകരിച്ചുകൊണ്ടുള്ള ഉൽപ്പാദനമാണ് നടത്താറുള്ളത്. ജൂൺ 10 വരെ ഉൽപ്പാദനത്തിൽ കുറവ് വരുത്തേണ്ട ഒരു അവസ്ഥ സംസ്ഥാനത്ത് ഉണ്ടായിട്ടില്ല. ഇപ്പോൾ ജൂൺ 25 വരെ മഴ ലഭിക്കാത്ത സാഹചര്യത്തിലാണ് ഇങ്ങനെ ചെയ്യേണ്ടി വന്നത്. ജല സംഭരണികളിൽ ലഭ്യമായിട്ടുള്ള വെള്ളം 9 ദിവസത്തെ ആവശ്യത്തിന് മാത്രമേ തികയുകയുള്ളൂ. ഒഴിച്ചുകൂടാനാകാത്ത ഒരു സാഹചര്യത്തിലാണ് അര മണിക്കൂർ ലോഡ് ഷെഡിംഗ് ഏർപ്പെടുത്താനുള്ള തീരുമാനം എടുത്തത്. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ഒമ്പത് മാസങ്ങൾക്ക് മുമ്പാണ് മൂഴിയാറിലെ ഉൽപ്പാദനം നിലച്ചത്. ആറ് മാസത്തിനകം പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും ഇതുവരെ അതിന് കഴിഞ്ഞിട്ടില്ല. ഇപ്പോഴത്തെ വൈദ്യുതി പ്രതിസന്ധിക്ക് കാരണം സംസ്ഥാന ഗവൺമെന്റാണെന്നാണ് കേന്ദ്രമന്ത്രി പോലും പറഞ്ഞിട്ടുള്ളത്. ലോഡ് ഷെഡിംഗ് ഇല്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുമെന്ന് അവകാശപ്പെട്ട ഗവൺമെന്റാണിത്. ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രോഗ്രസ്സ് റിപ്പോർട്ടിൽ 319.87 കോടി രൂപ ജനറേഷനുവേണ്ടി മാറ്റി വച്ചിരുന്നുവെങ്കിലും 61.77 കോടി രൂപ മാത്രമാണ് ചെലവഴിച്ചത് എന്നാണ് പറയുന്നത്. ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ അനുവാദത്തോടുകൂടി എൻ.ടി.പി.സി.യുടെ വൈദ്യുതി നാഷണൽ വിദ്യുത് വ്യാപാർ നിഗം-ന് വിൽക്കുന്നതിനുള്ള

കരാറിൽ ഏർപ്പെടുകയും ബി.എസ്.ഇ.എസ്-ൽനിന്ന് കംഫർട്ട് ചാർജ്ജിനത്തിൽ തുക ഈടാക്കുകയും ചെയ്യുന്നു. മിച്ചമുണ്ടായതുകൊണ്ടാണ് ഇത്തരത്തിലുള്ള വിൽപ്പനയ്ക്ക് തയ്യാറായത്. അതിനുശേഷം ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നതിനുവേണ്ടിയാണ് ഇപ്പോൾ ലോഡ് ഷെഡിംഗ് ഏർപ്പെടുത്തിയിട്ടുള്ളത്. ഓവർ പ്രൊഡക്ഷൻ നടത്തിയതുമൂലമാണ് ഡാമിലെ വെള്ളം തീർന്നുപോയത്. നല്ല രീതിയിലുള്ള വാട്ടർ മാനേജ്മെന്റ് ഉണ്ടായിട്ടില്ല. അത്യന്തം ഗുരുതരമായ ഈ പ്രശ്നം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

<u>ശ്രീ. എളമരം കരീം :</u> എൻ.വി.വി.എൻ. എന്ന പൊതുമേഖലാ സ്ഥാപനത്തിന് ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ അധികമായി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി നൽകാം എന്ന കരാർ ഉണ്ടാക്കിയത് ബോർഡിന് നഷ്ടം വരാതിരിക്കുന്നതിനുവേണ്ടിയാണ്. മഴ ലഭ്യമാകാത്ത ഇപ്പോഴത്തെ സാഹചര്യത്തിൽ വൈദ്യുതി നൽകാൻ കഴിയില്ലെന്ന വിവരം അറിയിച്ചിട്ടുണ്ട്. മൂഴിയാർ പമ്പ് ഹൗസ് റിപ്പയർ ചെയ്യാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗ്യാരന്റി പീരിയേഡിൽ റിപ്പയർ വന്നതിനെ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും വിവിധ എൻവയോൺമെന്റൽ ഏജൻസികളിൽനിന്നും ക്ലിയറൻസ് കിട്ടിയെങ്കിലും സംസ്ഥാനത്ത് നിലനിൽക്കുന്ന പ്രത്യേക സാഹചര്യം കൊണ്ടാണ് പദ്ധതികൾക്കായി വിഭാവനം ചെയ്ത തുക ചെലവഴിക്കാൻ കഴിയാതെ വന്നത്. ഈ ഗവൺമെന്റ് പവർക്കട്ട് ഒഴിവാക്കാൻ പരമാവധി ശ്രമിച്ചു. മുൻ ഗവൺമെന്റിന്റെ കാലത്ത് കായംകുളം പദ്ധതി യിൽ നിന്ന് ഒരു യൂണിറ്റ് വൈദ്യുതിപോലും ഉല്പാദിപ്പിക്കാതെയും തെർമൽ

പദ്ധതികൾ നിശ്ചലമാക്കിയും കോടിക്കണക്കിന് രൂപയുടെ വ്യാവസായി കോൽപാദനം സ്തംഭിപ്പിച്ചും ഉല്പാദനത്തിൽ ഗണ്യമായ കുറവുണ്ടാവുകയും 2002 ജനുവരി 18 മുതൽ 2004 ജനുവരി 15 വരെ അര മണിക്കൂർ ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തുകയും ചെയ്തു. ജൂൺ 25 ആയിട്ടും ആവശ്യത്തിന് മഴ ലഭിക്കാത്തതുകൊണ്ടും ചില പദ്ധതികളിൽ നിന്നും മുൻ ഗവൺമെന്റിന്റെ കാലത്തുണ്ടാക്കിയ കരാർ പ്രകാരം 156 മെഗാവാട്ട് വൈദ്യുതി തമിഴ്നാട്ടിന് കൊടുക്കാൻ ബാധ്യതയുള്ളതുകൊണ്ടും 10.60 രൂപയ്ക്ക് വൈദ്യുതി ഉല്പാദിപ്പിച്ച് നൽകുന്നതുകൊണ്ടും കപ്പാസിറ്റിയേക്കാൾ കൂടുതൽ യൂട്ടിലൈസേഷനുള്ളതുകൊണ്ടുമുള്ള അതീവ ഗുരുതരമായ സാഹചര്യത്തിലാണ് ശാസ്ത്രീയമായ രീതിയിൽ സമയം നിശ്ചയിച്ച് അര മണിക്കൂർ ലോഡ് ഷെഡ്ഡിംഗ് എർപ്പെടുത്താൻ ഈ ഗവൺമെന്റ് തീരുമാനിച്ചത്. പ്രതിപക്ഷം ഇത്തരമൊരു പ്രമേയം കൊണ്ടുവന്നത് വളരെ നിർഭാഗ്യകരമായിപ്പോയി. ഈ വിഷയം അടിയന്തിര പ്രമേയമായി ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

പ്രതിപക്ഷനേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> പവർ കട്ട് ഏർപ്പെടുത്താനുണ്ടായ ഇന്നത്തെ സാഹചര്യത്തിലെത്തിയതെങ്ങനെയാണെന്ന് വ്യക്തമാക്കണം. ഇലക്ട്രിസിറ്റി ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് സ്ഥാപനത്തിന് വൈദ്യുതി വില്പന നടത്തിയതാണ് കേരളത്തെ ഈ ബുദ്ധിമുട്ടിലെത്തിച്ചതെന്ന സത്യം നിഷേധിക്കാനാവില്ല.

<u>ശ്രീ. എളമരം കരീം</u>: കുറ്റ്യാടി, ലോവർ പെരിയാർ പദ്ധതികളുടെ സംഭരണശേഷി വളരെ കുറവാണ്. ചെമ്പുകടവ്, ഉറുമി തുടങ്ങിയ ചെറുകിട പദ്ധതികളിൽ മഴക്കാലത്ത് ഒഴുകിവരുന്ന വെള്ളം ഉപയോഗിക്കുന്നില്ലെങ്കിൽ

അത് നഷ്ടമാകുമെന്നതുകൊണ്ടാണ് വൈദ്യുതി ഉല്പാദിപ്പിച്ച് വിൽപ്പന നടത്താൻ കരാറുണ്ടാക്കിയത്. മാത്രമല്ല മൂഴിയാർ പദ്ധതി പ്രവർത്തനക്ഷമമായിരുന്നുവെങ്കിൽ 300 മെഗാവാട്ടും ടെയിൽ കക്കാട് 50 മെഗാവാട്ടും ഉല്പാദിപ്പിക്കാൻ കഴിയുമായിരുന്നു. ഈ പദ്ധതികളും മേയ് 16 മുതൽ തകരാറിലായതുകൊണ്ടാണ് ഈ അടിയന്തിര സാഹചര്യം വന്നത്.

(അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

**ശ്രദ്ധ ക്ഷണിക്കൽ**

(1) തീരദേശ പരിപാലന നിയമം

ശ്രീ. ബി. ബാബു പ്രസാദ്: കടലോര മത്സ്യത്തൊഴിലാളികളും ഉൾനാടൻ മത്സ്യത്തൊഴിലാളികളുമുൾപ്പെട്ട സംസ്ഥാനത്തെ ഏതാണ്ട് 10 ലക്ഷത്തോളം മത്സ്യത്തൊഴിലാളികളിൽ 6 ലക്ഷത്തോളം പേർ മത്സ്യ മേഖലയെ ആശ്രയിച്ചു കഴിയുന്നവരാണ്. ഡോ. എം.എസ്. സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന കരട് തീരദേശ മാനേജുമെന്റ് നിയമം തീരദേശ ആവാസത്തേയും തീരങ്ങളേയും പ്രതികൂലമായി ബാധിക്കുന്നതാണ്. കടലിൽ നിന്നും 200 മീറ്റർ ദൂരപരിധിയിൽ Non Development Zone എന്ന പേരിൽ നിർമ്മാണങ്ങൾക്കുണ്ടായിരുന്ന നിയന്ത്രണം പരമ്പരാഗതമായും ആചാരപരമായും മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിനും ആവാസത്തിനും വളരെ സഹായകരമായിരുന്നു. ഈ നിയന്ത്രണം കരടുനിയമത്തിൽ എടുത്തുകളയുന്നതുവഴി തീരദേശം കൊമേഴ്സ്യൽ, തുറമുഖം, ബീച്ച്, ടൂറിസം ആവശ്യങ്ങൾക്കുവേണ്ടി കയ്യേറാൻ പോവുകയാണ്. വിനോദ സഞ്ചാരം, പരിസര മലിനീകരണത്തിനിടയാക്കുന്ന വ്യവസായങ്ങൾ, അടിസ്ഥാന സൗകര്യ

വികസനം, മത്സ്യ പ്രജനനം, ധാതുമണൽ ഖനനം, നഗരവൽക്കരണം തുടങ്ങിയവ കടൽത്തീര പ്രകൃതിക്കും മത്സ്യത്തൊഴിലാളികളുടെ ജീവസന്ധാരണത്തിനും എതിരാണ്. അതുകൊണ്ട് Non Development Zone പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വിട്ടുകൊടുത്ത് തീരദേശ മാനേജുമെന്റ് വിജ്ഞാപന നിയമത്തിൽ ഭേദഗതി വരുത്താൻ കേന്ദ്ര ഗവണ്മെന്റിനോട് ആവശ്യപ്പെടണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): 1991-ലെ സി.ആർ.ഇസഡ്. വിജ്ഞാപനം പുന:പരിശോധിക്കുന്നതിന് നിയമിതനായ ഡോ. സ്വാമിനാഥൻ കമ്മീഷൻ 2005 ഫെബ്രുവരിയിൽ കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. കേന്ദ്ര സർക്കാരിന്റെ വനം പരിസ്ഥിതി മന്ത്രാലയം ഈ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങളുൾപ്പെടുത്തി കരട് തീരദേശ മാനേജുമെന്റ് വിജ്ഞാപനം പുറപ്പെടുവിക്കുകയും സംസ്ഥാന സർക്കാരുകളും പൊതുജനങ്ങളും 2008 ജൂൺ 30-നകം നിർദ്ദേശം സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. തീരദേശ മാനേജുമെന്റിലെ പോരായ്മകളും വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി സർക്കാർ നടത്തിയ ചർച്ചയിൽ ക്രോഡീകരിക്കപ്പെട്ട നിർദ്ദേശങ്ങളും കേന്ദ്ര-വനം-പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. 1991-ലെ നിയമത്തിൽ തീരസംരക്ഷണത്തിന് വ്യക്തമായ നിയന്ത്രണങ്ങൾ അനുശാസിക്കുമ്പോൾ നിർദ്ദിഷ്ട തീരദേശ മാനേജുമെന്റ് വിജ്ഞാപനത്തിൽ അത്തരം നിയന്ത്രണങ്ങൾ കൂടാതെതന്നെ തീരദേശ മാനേജുമെന്റ് നടപ്പാക്കണമെന്നാണ് ലക്ഷ്യമിടുന്നത്. മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികൾ സംരക്ഷിച്ചുകൊണ്ടുള്ള ഒരു തീരദേശ മേഖലാ മാനേജുമെന്റ് അല്ലെങ്കിൽ അവർക്കുകൂടി

പങ്കാളിത്തമുള്ള ഒരു കോ-മാനേജുമെന്റ് നടപ്പാക്കണമെന്നാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്നത്. നിർദ്ദിഷ്ട കരട് വിജ്ഞാപനത്തിൽ കടലോര മേഖലയുടെ നിർവ്വചനത്തിൽ 22 കിലോമീറ്റർ വരെയുള്ള ടെറിറ്ററിയിൽ കടലിനേയും ഉൾപ്പെടുത്തിയതിന്റെ സാംഗത്യം വ്യക്തമല്ല. സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഈ മേഖലയിൽ സർക്കാർ നിശ്ചയിക്കുന്ന പരിമിതമായ നിയന്ത്രണങ്ങൾക്കപ്പുറം മത്സ്യബന്ധന ത്തിനോ അനുബന്ധ പ്രവർത്തനങ്ങൾക്കോ യാതൊരു നിയന്ത്രണവും പാടില്ല. കടലും കായലോരവും മത്സ്യത്തൊഴിലാളികളുടെ ജീവൽസന്ധാരണ പ്രവർത്തനങ്ങൾക്ക് യാതൊരു തടസ്സവും കൂടാതെ ലഭ്യമാക്കണമെന്ന മത്സ്യമേഖലയിലെ ട്രേഡ് യൂണിയനുകളുടെ ആവശ്യം സംസ്ഥാന സർക്കാർ ശക്തമായി ഉന്നയിക്കുകയാണ്. കരട് വിജ്ഞാപന പ്രകാരം ഇനി തീരദേശ മേഖലയിൽ നടത്തേണ്ട വികസന പരിപാടികൾ തയ്യാറാക്കുന്നത് ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളും അതിന് അംഗീകാരം നൽകേണ്ടത് കേന്ദ്ര സർക്കാരുമാണ്. മത്സ്യത്തൊഴിലാളികൾ ജീവിക്കുന്ന തീരദേശ മേഖലയിലെ വികസന ആസൂത്രണ പ്രക്രിയയിൽ പ്രാദേശിക ഭരണ സ്ഥാപനങ്ങളേയോ മത്സ്യത്തൊഴിലാളി സമൂഹത്തേയോ പങ്കാളികളാക്കാതെ മാറ്റിനിർത്തിയിരിക്കുന്നത് തിരുത്തണമെന്നും സമഗ്ര തീരദേശ വികസന പരിപാടിയിൽ പ്രാദേശിക സർക്കാരുകൾക്കും മത്സ്യത്തൊഴിലാളികൾക്കും മതിയായ പങ്കാളിത്തം ഉറപ്പുവരുത്തണ മെന്നും സർക്കാർ ആവശ്യപ്പെടുന്നു. ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുടെ വൈദഗ്ദ്ധ്യം ഉപയോഗിച്ച് വിവിധ ഘടകങ്ങൾ കണക്കിലെടുത്ത് കടലോരത്ത് വരയ്ക്കുന്ന സെറ്റ് ബാക്ക് ലൈനിന്റെ കടലിനോട് ചേർന്നുള്ള പ്രദേശത്ത് വിവിധ വികസന പ്രവർത്തനങ്ങൾ അനുവദനീയമാണ്. പുതിയ വീടുകളും ഹൗസിംഗ്

കോളനികളും സെറ്റ് ബാക്ക് ലൈനിന്റെ കരഭാഗത്തേയ്ക്ക് മാറ്റണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുകയാണ്. മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണ പ്രശ്നം അർഹിക്കുന്ന ഗൗരവത്തോടെ പരിഹരിക്കണമെന്നും അതിനുള്ള വ്യവസ്ഥകളും തീരദേശ സംരക്ഷണത്തിനും മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികൾ സംരക്ഷിക്കുന്നതിനും നിർമ്മാണ വികസന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ആവശ്യമായ വ്യവസ്ഥകളും തീരദേശ മാനേജ്മെന്റ് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. നിർദ്ദിഷ്ട കരട് വിജ്ഞാപനത്തിനെ അടിസ്ഥാനമാക്കി ഏതെങ്കിലും ഉദ്യോഗസ്ഥർ വ്യാഖ്യാനം നടത്തി നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ തിരുത്തുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

(2) കുടിയേറ്റ കർഷകരുടെ ഭൂമിക്ക് പട്ടയം

ശ്രീ. രാജു എബ്രഹാം : മലയോര കുടിയേറ്റ കർഷകർക്ക് കൈവശഭൂമിയിൽ പട്ടയം കൊടുക്കുക എന്നുള്ളത് അടിയന്തിരമായി പരിഹരിക്കപ്പെടേണ്ട ഒരു കാര്യമാണ്.കേന്ദ്രാനുമതി ലഭിക്കാത്തതുകാരണം ഒരു ലക്ഷം കുടുംബങ്ങൾ പട്ടയം ലഭിക്കാതെ ബുദ്ധിമുട്ടുകയാണ്. ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞ് കേന്ദ്രാനുമതിയും ലഭിച്ച 8225 ഹെക്ടർ സ്ഥലത്തിനുപോലും ഇതുവരെ പട്ടയം ലഭിച്ചിട്ടില്ല. റാന്നി നിയോജകമണ്ഡലത്തിൽ 6117 കുടുംബങ്ങൾക്കും കല്ലൂപ്പാറ, കോന്നി നിയോജക മണ്ഡലങ്ങളിലായി 623 കുടുംബങ്ങൾക്കും പട്ടയം ലഭിക്കാനുണ്ട്. ഭക്ഷ്യക്ഷാമം ഉണ്ടായപ്പോൾ അത് പരിഹരിക്കാനായി 'ഗ്രോ മോർ ഫുഡ്' പദ്ധതി പ്രകാരം കൃഷി ചെയ്യുന്നതിന് ഗവൺമെന്റ് അയച്ചവരാണ് അവിടെയുള്ളത്. പത്തനംതിട്ട ജില്ലയിൽ

പട്ടയം ലഭിക്കാനുള്ള 5667 ഹെക്ടർ സ്ഥലത്തിന് പകരം അഫോറസ്റ്റേഷന് സ്ഥലം ലഭ്യമാക്കിക്കൊടുത്ത് കേന്ദ്രാനുമതി ലഭ്യമാക്കണം. ഈ കുടുംബങ്ങളോട് മനുഷ്യത്വപരമായ സമീപനം സ്വീകരിച്ച് ഇവർക്ക് അടിയന്തിരമായി പട്ടയം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ : പാലക്കാട് കണ്ണൂർ ജില്ലകളിലും ഈ പ്രശ്നം വളരെ രൂക്ഷമാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി. രാജേന്ദ്രൻ) സംസ്ഥാനത്തെ മലയോരമേഖലയിലെ കൈവശ കർഷകർക്ക് 1993-ലെ പ്രത്യേക ചട്ടപ്രകാരമാണ് പട്ടയം നൽകിവരുന്നത്. 1-1-1977-നുമുമ്പ് വനഭൂമിയിൽ സ്ഥിരതാമസമാക്കിയിട്ടുള്ള കൈവശ കർഷകർക്ക് വനം വകുപ്പും റവന്യൂ വകുപ്പും സംയുക്തമായി ജോയിന്റ് വെരിഫിക്കേഷൻ നടത്തി കേന്ദ്രാനുമതിയും ലഭിക്കുന്ന മുറയ്ക്കുമാത്രമേ പട്ടയം നൽകാൻ കഴിയുകയുള്ളൂ. എല്ലാ നടപടിക്രമങ്ങളും പൂർത്തിയായ കുറേപ്പേർക്ക് കൈവശരേഖ നൽകിയിട്ടുമുണ്ട്. സംസ്ഥാനത്ത് ആകെ 46,938.35 ഹെക്ടർ സ്ഥലത്ത് സംയുക്ത പരിശോധന നടത്താനുള്ളതിൽ 31,889.35 ഹെക്ടർ സ്ഥലത്ത് പരിശോധന പൂർത്തിയായിട്ടുണ്ട്. കോട്ടയം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ട്. ആലപ്പുഴ, കാസർഗോഡ് ഒഴിച്ച് മറ്റ് ജില്ലകളിൽ സംയുക്ത പരിശോധന പൂർത്തിയായിവരുന്നു. പരിശോധന സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറും ബന്ധപ്പെട്ട ജില്ലാ കളക്ടർമാരും ആവശ്യമായ നിർദ്ദേശം നൽകി റിവ്യൂ ചെയ്തുവരുന്നുണ്ട്. പത്തനംതിട്ട ജില്ലയിൽ സംയുക്ത പരിശോധന ഏതാണ്ട് പൂർത്തിയാക്കി പട്ടയം നൽകാനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. റാന്നിയിൽ പകരം വനവത്കരണത്തിനു കൊടുക്കേണ്ട സ്ഥലത്തെ

സംബന്ധിച്ച് തീരുമാനമായിട്ടുണ്ട്. കേന്ദ്രാനുമതി ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി അർഹരായ എല്ലാ കുടുംബങ്ങൾക്കും സമയബന്ധിതമായി പട്ടയം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സബ്മിഷൻ**

(1) കെ.എസ്.യു. വിദ്യാർത്ഥികൾക്ക് നേരെ നടന്ന അക്രമം

പ്രതിപക്ഷനേതാവ് (ശ്രീ.ഉമ്മൻചാണ്ടി) : 26-6-08-ന് സെക്രട്ടേറിയറ്റിനു മുന്നിൽ ഉപവാസ സമരം നടത്തിയ കെ.എസ്.യു. വിദ്യാർത്ഥികൾക്കുനേരെ സത്യാഗ്രഹ പന്തലിനുമുന്നിൽക്കൂടി ജാഥയായി വന്ന എൻ.ജി.ഒ.യൂണിയൻ പ്രവർത്തകർ പോലീസ് നോക്കിനിൽക്കെ പ്രകോപനപരമായി മുദ്രാവാക്യം വിളിച്ചുകൊണ്ട് കല്ലേറു നടത്തി സംഘർഷാവസ്ഥ സൃഷ്ടിക്കുകയുണ്ടായി. കെ.എസ്.യു. പ്രവർത്തകർ റോഡ് ഉപരോധം നടത്തിയതിനുശേഷമാണ് പോലീസ് എത്തി സമാധാനം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചത്. ഇത് വളരെ നിർഭാഗ്യകരമായ സംഭവമാണ്. മാർക്സിസ്റ്റ് പാർട്ടിയും പോഷക സംഘടനകളും കേരളത്തെ കലാപഭൂമിയാക്കി മാറ്റുകയാണ്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 26-6-08-ന് സെക്രട്ടേറിയറ്റിനുമുന്നിൽ കെ.എസ്.യു. വിന്റേയും ബി.ജെ.പി പ്രവർത്തകരുടേയും ഉപവാസവും കേരള കോൺഗ്രസ്സ് (ജേക്കബ്)-ന്റെ ധർണ്ണയുമുണ്ടായിരുന്നു. ഈ സമയം എൻ.ജി.ഒ. യൂണിയൻ പ്രവർത്തകരുടെ മാർച്ച് വരികയും ബി.ജെ.പി.പ്രവർത്തകരുമായി സംഘർഷമുണ്ടാവുകയും ചെയ്തു. എൻ.ജി.ഒ. യൂണിയൻ പ്രവർത്തകർ കെ.എസ്.യു പ്രവർത്തകരെ ആക്രമിച്ചതായി ഗവൺമെന്റിന് പരാതി ലഭിച്ചിട്ടില്ല. കെ.എസ്.യു. പ്രവർത്തകർ പബ്ലിക് റോഡിൽ തടസ്സം സൃഷ്ടിച്ചപ്പോൾ

പോലീസ് അവരെ നീക്കം ചെയ്തു. അവർ കുഴപ്പമുണ്ടാക്കാതെ സമാധാനപരമായാണ് സമരം ചെയ്തത്. പിന്നീടുണ്ടായ സംഭവത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് കേസ്സ് എടുത്തിട്ടുണ്ട്. നിയമാനുസൃതം നടക്കുന്ന പ്രകടനങ്ങൾ തടസ്സപ്പെടുത്താൻ പാടില്ലെന്നതാണ് സർക്കാർ നിലപാട്. അനുവാദമില്ലാതെ പ്രകടനങ്ങൾ നടത്തുന്ന സന്ദർഭങ്ങളിൽ അതിനുള്ള ക്രമീകരണം ഉണ്ടാക്കാനും പ്രകടനത്തിനിടയിലെ സംഘർഷം ഒഴിവാക്കാനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കുറ്റകൃത്യം ചെയ്തവർക്കെതിരെ ഗവൺമെന്റ് നടപടി സ്വീകരിക്കും

(2) <u>എൻ.ജി.ഒ. യൂണിയൻ പ്രകടനത്തിനു നേരെയുണ്ടായ ആക്രമണം</u>

<u>ശ്രീ. വി. ശിവൻകുട്ടി:</u> സെക്രട്ടേറിയറ്റിനു മുന്നിൽ പോലീസ് അനുവാദത്തോടെ എൻ.ജി.ഒ. യൂണിയൻ പ്രവർത്തകർ നടത്തിയ പ്രകടനത്തിലേയ്ക്ക് യുവമോർച്ച പ്രവർത്തകർ കല്ലെറിയുകയുണ്ടായി. ഒരു വനിതാജീവനക്കാരി അടക്കം 11 എൻ.ജി.ഒ. പ്രവർത്തകർ പരിക്കേറ്റ് ആശുപത്രിയിലാണ്. മെയിൻ റോഡിൽ പ്രകടനം നടത്തുന്നതിന് മാനദണ്ഡങ്ങൾ ഉണ്ടാകണം. ക്രമസമാധാനനില തകർക്കുക എന്ന ലക്ഷ്യത്തോടെ ബി.ജെ.പി.-കോൺഗ്രസ്സ് പ്രവർത്തകർ സംയുക്തമായി നടത്തിയ ഇത്തരം അതിക്രമങ്ങൾക്ക് ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>: ബി.ജെ.പി. പ്രവർത്തകർ 26-6-2008-ന് സെക്രട്ടേറിയറ്റ് നടയിൽ ധർണ്ണ നടത്തിക്കൊണ്ടിരിക്കുമ്പോൾ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തിനെതിരെ എൻ.ജി.ഒ. യൂണിയൻ പ്രവർത്തകരുടെ ജാഥ വരികയും യുവമോർച്ച പ്രവർത്തകർ പ്രകോപനപരമായി മുദ്രാവാക്യം വിളിക്കുകയും കല്ലേറുനടത്തുകയും ചെയ്തു. ആക്രമണത്തിൽ

ഇരുവിഭാഗത്തിൽപ്പെട്ടവർക്കും പരിക്കുപറ്റി. ഇതു സംബന്ധിച്ച് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം കന്റോൺമെന്റ് പോലീസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എൻ.ജി.ഒ.യൂണിയൻ പ്രവർത്തകരെ ആക്രമിച്ചു എന്നാരോപിച്ച് ഡി.വൈ.എഫ്.ഐ. പ്രവർത്തകർ നടത്തിയ പ്രകടനത്തെ പോലീസ് തടഞ്ഞെങ്കിലും പ്രകോപനപരമായി മുദ്രാവാക്യം വിളിച്ച യുവമോർച്ച- ഡി.വൈഎഫ്.ഐ പ്രവർത്തകർ തമ്മിൽ കല്ലേറുണ്ടാവുകയും പ്രകടനക്കാരെ പിരിച്ചുവിടുന്നതിന് പോലീസിന് ടീയർ ഗ്യാസും ജലപീരങ്കിയും പ്രയോഗിക്കേണ്ടിവരികയും ചെയ്തു. ഈ സംഭവത്തിൽ ബി.ജെ.പി.യുടെ ജില്ലാ പ്രസിഡന്റിന് പരിക്ക് പറ്റി. ഈ സഭവവുമായി ബന്ധപ്പെട്ട് കന്റോൺമെന്റ് പോലീസ് കേസ്സെടുത്ത് അന്വേഷണം നടത്തിവരികയാണ്. ഈ സംഭവത്തിൽ 6 ബി.ജെ.പി. പ്രവർത്തകർക്കും 9 എൻ.ജി.ഒ. യൂണിയൻ പ്രവർത്തകർക്കും പരിക്ക് പറ്റി ചികിൽസയിലാണ്. ഇതു സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുന്നതാണ്.

(3) സെക്രട്ടേറിയറ്റിനുമുന്നിലെ സമരത്തിനു നേരെ നടന്ന ടീയർഗ്യാസ് പ്രയോഗവും കണ്ണീർ വാതക പ്രയോഗവും

ശ്രീ. ജോസഫ്.എം. പുതുശ്ശേരി: കേരളത്തിലെ വികലമായ വിദ്യാഭ്യാസ നയത്തിനെതിരെ 26-6-08-ൽ കേരള കോൺഗ്രസ്സ്(ജെ)യുടെ അനിശ്ചിതകാല നിരാഹാരസമരം സെക്രട്ടേറിയറ്റ് നടയിൽ നടക്കുന്ന അവസരത്തിൽ ഡി.വൈ.എഫ്.ഐ.-എൻ.ജി.ഒ. യൂണിയൻ പ്രവർത്തകർ ബി.ജെ.പി. പ്രവർത്തകരുമായി സംഘർഷമുണ്ടാവുകയും പോലീസ് ടീയർഗ്യാസും ജലപീരങ്കിയുമുപയോഗിക്കുകയും ചെയ്തതിനെത്തുടർന്ന് കേരള കോൺഗ്രസ്സ് (ജേക്കബ്)-ന്റെ പ്രവർത്തകർ ബോധരഹിരതാകു

കയും ചെയ്തു. ഇതിന് ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 26-6-2008-ന് കേരള കോൺഗ്രസ്സ് (ജേക്കബ്)-ന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റ് നടയിൽ നിരാഹാര സത്യാഗ്രഹം നടന്ന അവസരത്തിൽ അവിടെ നടന്ന സംഘർഷം ഒഴിവാക്കാനായി പോലീസ് കണ്ണീർ വാതകവും ജലപീരങ്കിയും പ്രയോഗിക്കുകയുണ്ടായി. ഇത് ഈ സമര ക്കാർക്കെതിരെ ആയിരുന്നില്ല. കാറ്റിന്റെ ഗതിക്കനുസരിച്ച് കണ്ണീർവാതകം പരന്നാണ് കുഴപ്പമുണ്ടാക്കിയത്. ഇവരുടെ ശുശ്രൂഷയ്ക്കാവശ്യമായ സഹായം പോലീസ് ചെയ്തുകൊടുത്തിട്ടുണ്ട്. സത്യാഗ്രഹമിരുന്നവർക്ക് ഇത്തരം അവസ്ഥ ഉണ്ടായതിൽ ഗവൺമെന്റിന് പ്രയാസമുണ്ട്. അവരെ ഉദ്ദേശിച്ച് ഒരു നടപടിയും പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.

## (4) തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിനു നേരെയുണ്ടായ ആക്രമണം

ശ്രീ. തോമസ് ഉണ്ണിയാടൻ: 24-6-2008-ന് തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ഒരു സംഘം എ.ഐ.എസ്.എഫ്. പ്രവർത്തകർ അതിക്രമിച്ച് കടക്കുകയും നാശനഷ്ടങ്ങളുണ്ടാക്കുകയും മാനേജ്മെന്റിനേയും ജീവനക്കാരേയും ഭീഷണിപ്പെടുത്തുകയും ചെയ്തത് രോഗികൾക്കും മറ്റും മാനസിക പീഡനം ഉണ്ടാക്കുകയുണ്ടായി. കുറ്റക്കാർക്കെതിരെ കർശനമായ നടപടി ഉണ്ടാകണം. പോലീസ് സഹായം അഭ്യർത്ഥിച്ചിട്ടും യഥാസമയം ലഭ്യമാക്കാതിരുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരേയും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഇന്റർ ചർച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രകടനത്തിന്റെ ഭാഗമായി തൃശ്ശൂരിൽ ജില്ലാ പ്രസിഡന്റ് രാജീവ് കൃഷ്ണന്റെ നേതൃത്വത്തിൽ എ.ഐ.എസ്.എഫ്. പ്രവർത്തകർ 24-06-2008-ന് തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലേയ്ക്ക് ഓരോരുത്തരായി കടന്നുചെന്ന് ഒന്നിച്ചുകൂടി അഡ്മിഷൻ ബ്ലോക്കും മുറികൾക്കു മുമ്പിലുണ്ടായിരുന്ന നെയിം ബോർഡുകളും ഗ്രില്ലും മറ്റും നശിപ്പിക്കുകയുണ്ടായി. ഇതിന്റെ പേരിൽ പോലീസ് 19 എ.ഐ.എസ്.എഫ്. പ്രവർത്തകരെ അറസ്റ്റ് ചെയ്ത് കേസെടുത്തിട്ടുണ്ട്. അവരുടെ പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

(5) ശുദ്ധജല വിതരണ പൈപ്പുകൾ പൊട്ടുന്നതു മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ

ശ്രീമതി പി. അയിഷാ പോറ്റി: കൊല്ലം-കൊട്ടാരക്കര ടൗണിൽ ചെങ്കോട്ട റോഡിലും എൻ.എച്ച്-ലുമായി സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ അടിക്കടി പൊട്ടുന്നതുമൂലം കൊട്ടാരക്കര പഞ്ചായത്തടക്കമുള്ള സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാകുന്നതോടൊപ്പം കുടിവെള്ളം മലിനമാകുന്നുവെന്ന അവസ്ഥയുമുണ്ട്. കൂടാതെ റോഡുകളും പൊട്ടിപ്പൊളിഞ്ഞു പോകുന്നു. അതുകൊണ്ട് അടിയന്തിരമായി ഈ പൈപ്പുകൾ മാറ്റി സ്ഥാപിച്ച് ജലവിതരണം സുഗമമാക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): കൊട്ടാരക്കര കുണ്ടറ ജല വിതരണ പദ്ധതിയുടെ ഭാഗമായി 1980-ൽ സ്ഥാപിച്ച പഴയ പൈപ്പുകളാണ് അടിക്കടി പൊട്ടുന്നത്. ഇതുമൂലം റോഡുകൾക്കും സാങ്കേതികമായ പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. നബാർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടി കേടായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള 12.66

കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കൊട്ടാരക്കര ലോട്ടസ് റോഡിലുള്ള 400 എം.എം. പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതോടെ പ്രധാന പൈപ്പുകളിലൂടെയുള്ള ജല ചോർച്ച ഇല്ലാതാക്കാനും ജലക്ഷാമം പരിഹരിക്കാനും സാധിക്കുന്നതാണ്.

(6) ഇലകമൺ, ഇടവ പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതി

ശ്രീ. വർക്കല കഹാർ: ഇലകമൺ പഞ്ചായത്തിലെ വാട്ടർ ടാങ്കിന്റെ പണി പൂർത്തിയായി ഏതാണ്ട് നാല് വർഷമായിട്ടും വാട്ടർ അതോറിറ്റിയുടെ അനാസ്ഥ മൂലം എക്സ്റ്റെൻഷൻ സ്കീമിനുള്ള ടെണ്ടർ നടപടികൾ നടക്കുന്നില്ല. അതുപോലെ ഇടവാ പഞ്ചായത്തിലെ വാട്ടർ സപ്ളൈ സ്കീമിലെ വാട്ടർ ടാങ്കിന്റെ പണിയും അനിശ്ചിതത്വത്തിലാണ്. പ്രസ്തുത പണികൾ അടിയന്തിരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ഇടവ പഞ്ചായത്തിലെ ഓവർഹെഡ് ടാങ്കിന്റെ 90% പണികൾ പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്നവ റിസ്ക് ആന്റ് കോസ്റ്റിൽ റീ അറേഞ്ച് ചെയ്ത് ടെണ്ടർ ചെയ്യാൻ ആവശ്യമായ നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിക്കുന്നതാണ്. ഇലകമൺ പഞ്ചായത്തിലെ ഓവർഹെഡ് ടാങ്കിന്റെ ട്രാൻസ്മിഷൻ പൈപ്പ് ലൈൻ വർക്കിന് പുതുക്കിയ ഷെഡ്യൂൾ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി അടിയന്തിരമായി ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്.

(7) ചേറ്റുവ മൽസ്യ ബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനം

ശ്രീ. ടി.എൻ. പ്രതാപൻ: ചേറ്റുവ തുറമുഖം ഇപ്പോഴും ഫിഷ്ലാന്റിംഗ് സെന്ററായി നിലനിൽക്കുകയാണ്. അഴിയിൽ മണ്ണ് വന്ന് മൂടുന്നതു മൂലം ബോട്ടുകൾക്ക് അടുക്കാൻ സാധിക്കുന്നില്ല. ഗവർണ്ണറുടെ

നയപ്രഖ്യാപനത്തിലും ബഡ്ജറ്റിലും ചേറ്റുവ മൽസ്യ ബന്ധന തുറമുഖത്തിന്റെ നിർമ്മാണം ഈ വർഷം ആരംഭിക്കുമെന്നു പ്രഖ്യാപിച്ചിരുന്നു. അതിനുവേണ്ട പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുമുണ്ട്. കൊച്ചിക്കും പൊന്നാനിക്കും ഇടയിൽ ഏറ്റവുമധികം മൽസ്യ ബന്ധനവും ഫിഷ് കാച്ചിംഗും നടക്കുന്ന ഇവിടെ മൽസ്യബന്ധന തുറമുഖമില്ലാത്തതിനാൽ പിടിക്കുന്ന മൽസ്യം വിപണനത്തിനായി കൊച്ചിയിലേയ്ക്കു കൊണ്ടുപോകുന്നതുമൂലം ചെലവ് വർദ്ധിക്കുന്നു. ആയതിനാൽ ചേറ്റുവ മൽസ്യ ബന്ധന തുറമുഖത്തിന്റെ നിർമ്മാണം ഈ സാമ്പത്തികവർഷം തന്നെ ആരംഭിക്കാൻ നടപടിയുണ്ടാകണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. എസ്. ശർമ്മ):</u> ചേറ്റുവായിൽ നിലവിലുള്ള ഫിഷ് ലാന്റിംഗ് സെന്റർ ഫിഷിംഗ് ഹാർബർ ആക്കുന്നതിനുള്ള 21.27 കോടി രൂപയുടെ പ്രോജക്റ്റ് റിപ്പോർട്ട് 27-07-2006-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 2007-ലെ പി.ഡബ്ളിയു.ഡി. ഷെഡ്യൂൾ റേറ്റ് അനുസരിച്ച് അടങ്കൽ തുക 24.93 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഈ ഹാർബറിന് 16-05-2007-ൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചു. 50% കേന്ദ്ര സർക്കാർ പദ്ധതിയിൽപ്പെടുത്തിയാണ് സംസ്ഥാനത്ത് ഫിഷിംഗ് ഹാർബറുകൾ നിർമ്മിക്കുന്നത്. ഒമ്പതു പുതിയ ഫിഷിംഗ് ഹാർബറുകളും ചെല്ലാനം, അർത്തുങ്കൽ, ചെത്തി എന്നീ ഹാർബറുകളുടെ രണ്ടാം ഘട്ട വികസനവുമടക്കം പുതിയ 11 ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം നബാർഡിന്റെ സഹായത്തോടെ ഈ വർഷം തന്നെ ആരംഭിക്കാൻ കഴിയും.

(8) മുതുവല്ലൂർ പഞ്ചായത്തിൽ അനുവദിച്ച ഹൈസ്ക്കൂൾ

ശ്രീ. പി.കെ. അബ്ദുറബ്ബ്: സംസ്ഥാനത്തെ ഹൈസ്ക്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളിലെ യു.പി. സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന്റെ ഭാഗമായി കഴിഞ്ഞ നവംബറിൽ മുതുവല്ലൂർ പഞ്ചായത്തിലെ ചുള്ളിക്കോട് യു.പി. സ്ക്കൂൾ ഹൈസ്ക്കൂളായി അപ്ഗ്രേഡ് ചെയ്ത് ക്ളാസ് തുടങ്ങാൻ നിർദ്ദേശം നൽകി. അതനുസരിച്ച് ഈ അദ്ധ്യയന വർഷം മറ്റ് സ്ക്കൂളുകളിൽനിന്ന് 16 കുട്ടികൾ ടി.സി. വാങ്ങി ഇവിടെ പ്രവേശനം നേടിക്കൊണ്ടിരിക്കുന്ന സമയത്ത് അവിടെ ഭൗതികസൗകര്യങ്ങളില്ല എന്നുപറഞ്ഞ് 31-05-2008-ൽ പ്രസ്തുത ഉത്തരവ് റദ്ദാക്കി മുതുവല്ലൂർ യു.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്തതായി പ്രഖ്യാപിച്ചിരിക്കുന്നു. അതുകൊണ്ട് ആ ഉത്തരവ് പിൻവലിച്ച് ചുള്ളിക്കോട് സ്കൂളിന്റെ കാര്യത്തിൽ അനുകൂല നിലപാട് സ്വികരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ.ബേബി): ഗവൺമെന്റ്തല കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ച് വിദ്യാഭാസപരമായ മാനദണ്ഡങ്ങൾ കണക്കിലെടുത്തു കൊണ്ടാണ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യത്തിൽ തീരുമാനം എടുക്കുന്നത്. ഒരു ഹൈസ്ക്കൂൾ പോലും ഇല്ലാത്ത പഞ്ചായത്തിൽ യു.പി. സ്ക്കൂൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്ക്കൂൾ ആക്കുക എന്നത് ഗവൺമെന്റിന്റെ നയപരമായ തീരുമാനമാണ്. മുതുവല്ലൂർ ഹൈസ്ക്കൂളിന്റെ കാര്യത്തിൽ ചില സാങ്കേതിക പ്രശ്നങ്ങളുണ്ടാവുകയും ഈ വിഷയം ഇപ്പോൾ കോടതിയുടെ പരിഗണനയിലുമാണ്. കോടതിയുടെ അഭിപ്രായമറിഞ്ഞതിനു ശേഷം ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കുന്നതാണ്.

(9) <u>പ്ലസ്ടുവിന് അധിക സീറ്റുകൾ</u>

<u>ശ്രീ. ബാബു എം പാലിശ്ശേരി</u>: കേരളത്തിലെ വിവിധ ജില്ലകളിൽ നിന്ന് ഉയർന്ന മാർക്കു നേടുന്ന കുട്ടികൾ ധാരാളമായി ഉപരിപഠനത്തിനായി തൃശ്ശൂരിൽ എത്തുന്നത് വിദഗ്ദ്ധ പ്രൊഫഷണൽ ട്രെയിനിംഗ് സെന്റർ ഉള്ളതുകൊണ്ടാണ്. തൃശ്ശൂരിനടുത്തുള്ള കുന്നംകുളം, മണലൂർ, ചാലക്കുടി, ചേർപ്പ് മണ്ഡലങ്ങളിൽ നിന്നെല്ലാം വിദ്യാർത്ഥികൾ ഇവിടെ വരികയാണ് ഇതുകാരണം തൃശ്ശൂരുള്ള കുട്ടികൾക്ക് ഇവിടത്തെ സ്കൂളുകളിൽ പ്രവേശനം ലഭിക്കാതെ പോകുന്നു. . ഈ പ്രശ്നം പരിഹരിക്കുന്നതിനായി പ്ലസ് ടു സീറ്റ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയ്ക്കെടുക്കുമ്പോൾ തൃശ്ശൂർ ജില്ലയെ പ്രത്യേകമായി ഉൾപ്പെടുത്തണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ.എം.എ.ബേബി):</u> സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ്/ അൺ-എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലെ സീറ്റുകൾ 20% വർദ്ധിപ്പിക്കാൻ തീരുമാനിച്ചതിനെത്തുടർന്ന് ഗവൺമെന്റ് സ്കൂളുകളിലെ സീറ്റുകൾ വർദ്ധിപ്പിച്ചെങ്കിലും എയ്ഡഡ് സ്കൂളുകൾ പലതും വർദ്ധിപ്പിച്ചിട്ടില്ല. തൃശ്ശൂർ ജില്ലയിലെ എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകളുടെ നിഷേധാത്മകമായ നിലപാട് മൂലം അവിടെ 1270 സീറ്റുകളാണ് നഷ്ടമാകുന്നത്. ഇത്തരം സ്കൂളുകളുടെ കാര്യത്തിൽ അതാത് ജനപ്രതിനിധികൾ മാനേജ്മെന്റുമായി ബന്ധപ്പെട്ട് അവരുടെ നിലപാട് മാറ്റിയെടുക്കണം. കൂടുതൽ സൗകര്യങ്ങൾ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ സാമ്പത്തിക ഘടകങ്ങൾ കൂടി പരിഗണിച്ച് തീരുമാനിക്കുന്നതാണ്. തൃശ്ശൂർ ജില്ലയുടെ കാര്യത്തിൽ ഈ വർഷം തന്നെ അനുകൂലമായ തീരുമാനം എടുക്കാൻ ശ്രമിക്കുന്നതാണ്.

(10) അഴീക്കൽ തുറമുഖ വികസനം

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: കണ്ണൂരിലെ അഴീക്കൽ തുറമുഖ വികസന കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥർ ഉൽസാഹം കാണിക്കുന്നില്ല. അവിടത്തെ വികസന പ്രവർത്തനങ്ങൾക്കായുള്ള കൺസൾട്ടൻസി നിയമനം, മാസ്റ്റർ പ്ലാനിനു വേണ്ടിയുള്ള ചർച്ച, ഡ്രെഡ്ജിംഗ്, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയവയ്ക്കാവശ്യമായ നടപടികൾ പുരോഗമിക്കുന്നില്ല. തുറമുഖ വികസനവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള മോണിറ്ററിംഗ് കമ്മിറ്റി എല്ലാ ആഴ്ചയിലും ചേരുന്നുണ്ടെങ്കിലും വികസന പ്രവർത്തനങ്ങൾക്കു വേണ്ട നടപടി സ്വീകരിക്കുന്നില്ല. ഉന്നതതല യോഗം വിളിച്ചു ചേർത്ത് അഴീക്കൽ തുറമുഖ വികസനത്തിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : കേരളത്തിലെ തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനുളള സമഗ്രമായ പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി വല്ലാർപാടവും വിഴിഞ്ഞവും കഴിഞ്ഞാൽ കേരളത്തിലെ ആറ് തുറമുഖങ്ങളെ വികസിപ്പിക്കുന്ന പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുളളതിൽ പ്രധാനപ്പെട്ടതാണ് അഴീക്കൽ തുറമുഖം. അതിന്റെ ബ്രേക്ക്‌വാട്ടറിന്റെ നീളം കൂട്ടുന്നതിനും അപ്രോച്ച് റോഡിന്റെ പുനരുദ്ധാരണത്തിനുമായി ടി. ആർ. പി. യിലും ടി.ഇ. എ. പി. യിലും ഉൾപ്പെടുത്തി 11,80,00,000 രൂപ അനുവദിക്കുകയും ഡ്രെഡ്ജിംഗിന് ഭരണാനുമതി നൽകി ഉടൻ ടെൻഡർ നടപടികൾ ആരംഭിക്കുന്നതുമാണ്. അർജൻസി ക്ളാസ് പ്രകാരം 1.80 ഹെക്ടർ സ്ഥലം ഏറ്റെടുക്കാൻ സ്പെഷ്യൽ ഓഫീ

സറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ക്രെയിൻ വാങ്ങാൻ ടി. ആർ. പി-യിൽ ഉൾപ്പെടുത്തി രണ്ട് കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അഴീക്കൽ തുറമുഖത്തിന്റെ സമഗ്രവികസനത്തിനുവേണ്ടി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഡെലോയിഡ് ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെ കൺസൽട്ടന്റായി തെരഞ്ഞെടുത്ത് ചുമതല ഏൽപ്പി പ്പിച്ചിട്ടുണ്ട്. അവരുടെ ടേംസ് ഓഫ് റഫറൻസിൽ അഴീക്കൽ തുറമുഖം ഒരു പാസ്സഞ്ചർ കം കാർഗോ തുറമുഖമായി വികസിപ്പിക്കാനാണ് നിശ്ചയിച്ചിട്ടു ള്ളത്. കേന്ദ്ര ഗവൺമെന്റ് ഈ തുറമുഖത്തെ അവരുടെ നാഷണൽ മാരിടൈം പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വികസനപ്രവർത്തനങ്ങൾ അവലോകനം നടത്താൻ കണ്ണൂർ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിലെ സുപ്രണ്ടിംഗ് എഞ്ചിനീയറെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. അഴീക്കൽ തുറമുഖത്തിന്റെ വികസനത്തി നായി 02-07-2008-ൽ ഒരു ഉന്നതതല യോഗം തിരുവനന്തപുരത്ത് വിളിച്ചു ചേർക്കുന്നതാണ്.

### (11) <u>വടകരയിൽ ഐ. ടി. ഐ</u>

<u>ശ്രീ. എം. കെ. പ്രേംനാഥ്</u> : തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ആനുകാലിക പ്രസക്തി കണക്കിലെടുത്തുകൊണ്ട് സെക്കന്ററി, ഹയർ സെക്കന്ററി മേഖലയിൽ വിജയശതമാനം കൂടുതലുണ്ടായ സാഹചര്യത്തിൽ വടകരയിൽ ഒരു ഐ. ടി. ഐ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പു മന്ത്രി (ശ്രീ. എളമരം കരീം): സ്ഥലവും കെട്ടിടവും ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യം ലഭ്യമാകുന്നപക്ഷം പുതിയ ഐ.ടി.ഐ-കൾ ആരംഭിക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇതുവരെ 49 അപേക്ഷകൾ ലഭിച്ചുകഴിഞ്ഞു. തദ്ദേശഭരണ സ്ഥാപനങ്ങൾ സ്ഥലവും കെട്ടിടവും സൗജന്യമായി ലഭ്യമാക്കാമെന്ന ഉറപ്പ് നൽകിയ സ്ഥലങ്ങളിലെ അപേക്ഷകൾ പരിഗണിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി മാത്രമേ പുതിയ ഐ.ടി.ഐ. കൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശങ്ങളും പ്രാദേശികമായ ആവശ്യകതയും പിന്നോക്കാവസ്ഥയും പരിഗണിച്ചായിരിക്കും പുതിയ ഐ. ടി. ഐ. കൾ അനുവദിക്കുന്നത്.

(12) വെള്ളനാട് പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : നബാർഡ് ഏറ്റെടുത്ത പദ്ധതികളിലൊന്നായ 3 കോടി രൂപയുടെ വെള്ളനാട് പാലത്തിന്റെ നിർമ്മാണോദ്ഘാടനം ആറ് മാസം മുമ്പ് നടത്തിയെങ്കിലും ഇതുവരെയും വർക്ക് ആരംഭിച്ചിട്ടില്ല. 2004-- ലെ റേറ്റുവച്ച് ഏറ്റെടുത്ത വർക്ക് ഇപ്പോൾ കമ്പി, സിമന്റ് എന്നിവയുടെ വിലവർദ്ധനവ് കാരണം കരാറുകാരൻ ഇപ്പോഴത്തെ മാർക്കറ്റ് റേറ്റിൽ എസ്കലേഷൻ ആവശ്യപ്പെട്ടിരിക്കുകയാണ്. വെള്ളനാട് പാലം നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): 2004-ലെ നിരക്കിൽ വർക്ക് ചെയ്യാൻ സന്നദ്ധനായ കരാറുകാരൻ എഗ്രിമെന്റ് വച്ച ശേഷം ഇപ്പോൾ കരാർ പുതുക്കണമെന്നും കൂടതൽ തുക അനുവദിക്കണ

മെന്നും ആവശ്യപ്പെട്ടിരിക്കുകയാണ്. കമ്പി, സിമെന്റ്, ടാർ എന്നിവയ്ക്കുണ്ടായ വിലവർദ്ധനവ് നിർമ്മാണപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. ഒരു കരാർ വച്ചശേഷം പുതുക്കിയ നിരക്ക് കൊടുക്കാൻ കഴിയുമോ എന്നത് നിയമപ്രശ്നമായതിനാൽ ഗവൺമെന്റ് തലത്തിൽ പരിശോധിക്കുന്നതാണ്. അവിടെയുള്ള ജനങ്ങൾ ഭൂമി വിട്ടുതരാൻ തയ്യാറാകാത്ത പ്രശ്നത്തിന് പരിഹാരമായിട്ടുണ്ട്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് എത്രയും പെട്ടെന്ന് ഗവൺമെന്റ് ഇത് സംബന്ധിച്ച് ഒരു യോഗം വിളിച്ചുചേർത്ത് പ്രശ്നം പരിഹരിക്കുന്നതാണ്.

(13) <u>ഈഞ്ചക്കൽ ബസ്സ്റ്റേഷൻ നിർമ്മാണം</u>

<u>ശ്രീ. വി. സുരേന്ദ്രൻ പിള്ള</u> : തിരുവനന്തപുരത്തെ ഏറ്റവും തിരക്കേറിയ തമ്പാനൂർ ബസ്സ്റ്റേഷൻ തിരക്ക് കുറയ്ക്കാൻ ദീർഘദൂര സർവ്വീസുകൾക്ക് മാത്രമായി ഒരു എക്സ്ക്ലൂസീവ് ബസ് സ്റ്റേഷൻ ഈഞ്ചക്കലിൽ സ്ഥാപിക്കാൻ ഗവൺമെന്റ് തീരുമാനിക്കുകയും കെ.എസ്. ആർ. ടി. സി. അതിന്റെ നടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയുമാണ്. ഇതിന്റെ ലാന്റ് അക്വിസിഷൻ സംബന്ധിച്ച് കോടതി നടപടികൾ ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച് ബസ് സ്റ്റേഷൻ യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. മാത്യു ടി. തോമസ്) :</u> ഈഞ്ചയ്ക്കലിൽ ബസ് സ്റ്റേഷൻ ആരംഭിക്കാൻ കെ.എസ്. ആർ. ടി. സി. അഞ്ച് ഏക്കർ എഴുപത്തിഒമ്പത് സെന്റ് സ്ഥലം എടുക്കാനുള്ള നടപടികൾ പൂർത്തിയാക്കുകയും ഇതിലേയ്ക്ക് തിരുവനന്തപുരം ജില്ലാ കളക്ടർ ആവശ്യപ്പെട്ട മുഴുവൻ തുകയായ നാല് കോടി എഴുപത്തിയഞ്ചുലക്ഷത്തിതൊണ്ണൂറ്റിമൂവായിരം രൂപ പൊന്നുംവിലയായി തദ്ദേശഭരണ സ്ഥാപനങ്ങൾ

നൽകിയിട്ടുമുണ്ട്. ഇതിൽ ഒരേക്കർ അമ്പത്തിയേഴ് സെന്റ് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ ആ സ്ഥലം കൈമാറിയിട്ടില്ല. ബസ് സ്റ്റേഷന് ആവശ്യമുള്ള സ്ഥലം പൂർണ്ണമായി കെ. എസ്. ആർ. ടി. സി. ക്ക് കൈമാറിയശേഷം ആ പ്രോജക്ടുമായി മുന്നോട്ടുപോകാനാണ് തീരുമാനിച്ചിരിക്കുന്നത്. ആ സ്ഥലം എത്രയുംവേഗം ഹൈക്കോടതി നടപടികൾ പൂർത്തീകരിച്ച് ലഭ്യമാക്കുന്നതിനുള്ള പരിശ്രമം ഊർജ്ജിതപ്പെടുത്തുന്നതാണ്.

(14) കെ. എസ്. ആർ. ടി. സി. ക്ക് ആധുനിക സൗകര്യമുള്ള ബസ് സ്റ്റേഷൻ

ശ്രീ. എ. പ്രദീപ് കുമാർ : കേരളത്തിലെ മൂന്നാമത്തെ പ്രധാനപ്പെട്ട ബസ് സ്റ്റേഷനായ കോഴിക്കോട് ബസ് സ്റ്റേഷനിൽ അടിയന്തിരമായി ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തണം. 40 കേടി രൂപ ചെലവഴിച്ച് ഒരു ആധുനിക സൗകര്യമുള്ള ബസ് സ്റ്റേഷൻ നിർമ്മിക്കുമെന്ന പ്രഖ്യാപനത്തെത്തുടർന്ന് അതിന്റെ പ്ളാനിനും പ്രോജക്ടിനും ക്യാബിനറ്റ് അംഗീകാരം നൽകുകയും ചെയ്തു. ബി. ഒ. ടി. അടിസ്ഥാനത്തിൽ ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ള ഈ വർക്ക് കാലതാമസമൊഴിവാക്കി എത്രയും പെട്ടെന്ന് പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ.മാത്യുടി.തോമസ്) : കെ. എസ്. ആർ. ടി. സി. യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രധാനപ്പെട്ട ബസ് സ്റ്റേഷനുകളിൽ ആധുനിക രീതിയിലുള്ള കൊമേഴ്സ്യൽ കോംപ്ലക്സുകൾ പണിയാൻ തീരുമാനിച്ചതിന്റെ ഭാഗമായി കോഴിക്കോട് മാവൂർ

റോഡിലുള്ള ബസ് സ്റ്റേഷനിൽ ആധുനിക രീതിയിലുള്ള ഒരു ഷോപ്പിംഗ് കോംപ്ലക്സ് ബി.ഒ. ടി. അടിസ്ഥാനത്തിൽ പണിയാൻ പൊതുമേഖലാ സ്ഥാപനമായ കെ.ടി.ഡി. എഫ്. സി. യെ നിയോഗിച്ചിട്ടുണ്ട്. കെ.എസ്.ആർ. ടി. സി. യും കെ. ടി. ഡി. എഫ്. സി. യും ചേർന്ന് ജോയിന്റ് വെൻച്വറായി നടപ്പിലാക്കുന്ന പദ്ധതിക്ക് 35823 ച. മീ. തറവിസ്തീർണ്ണം ഉണ്ട്. 43 കോടി രൂപയാണ് എസ്റ്റിമേറ്റായി കണക്കാക്കിയിരിക്കുന്നത്. ജൂലായ് മാസത്തോടുകൂടി ടെണ്ടർ നടപടികൾ പൂർത്തിയാക്കി ആഗസ്റ്റ് മാസത്തിൽ വർക്ക് ആരംഭിച്ച് പന്ത്രണ്ട് മാസംകൊണ്ട് ബസ് ഡിപ്പോയുമായി ബന്ധപ്പെട്ട കെ. എസ്. ആർ. ടി. സി. യുടെ ആവശ്യം അനുസരിച്ചുള്ള വർക്ക് പൂർത്തിയാക്കാനും 24 മാസംകൊണ്ട് കെട്ടിടങ്ങളുടെ വർക്ക് പൂർത്തിയാക്കാനുമാണ് ഉദ്ദേശിക്കുന്നത്.

(15) <u>വണ്ടിപ്പെരിയാർ മുതൽ കക്കിക്കവല വരെയുള്ള ഭാഗം സഞ്ചാരയോഗ്യമാക്കൽ</u>

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : കൊല്ലം-തേനി ഹൈവേയിലുള്ള പഴക്കംചെന്ന വണ്ടിപ്പെരിയാർ പാലം സഞ്ചാരയോഗ്യമാക്കുകയും ഹൈവേയുടെ രണ്ട് വശങ്ങളിലുമുള്ള പാവപ്പെട്ടവർ താമസിക്കുന്ന പ്രദേശത്തെ റോഡ് ഉയർത്തിപ്പണിയുകയും ചെയ്യണം.

<u>മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്)</u> : വണ്ടിപ്പെരിയാർ-കക്കിക്കവല റോഡിന്റെ ഇന്നത്തെ അവസ്ഥയ്ക്ക് കാരണം അവിടത്തെ തോടുകളാണ്. തോടുകൾ മുഴുവൻ നികത്തിയിരിക്കുകയാണ്. വീതികുറഞ്ഞ പാലമായതുകൊണ്ട് വണ്ടിപ്പെരിയാർ പാലത്തിന്റെ സുരക്ഷിതത്വത്തിന് അവിടെയൊരു പുതിയ പാലം പണിയേണ്ടതുണ്ട്. രണ്ട് കി. മീ. നീളമുള്ള ഡീവിയേഷൻ റോഡിന്റെ പണിക്ക്, എൻ. എച്ച്-ൽ ഉൾപ്പെട്ട റോഡായതിനാൽ

കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഇത് സംബന്ധിച്ച് പ്രോജക്ട് സമർപ്പിക്കുകയും അതിനായി അഞ്ച് കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. അതിനാവശ്യമായ സർവ്വേയും പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കി അലൈൻമെന്റിന്റെ അംഗീകാരത്തിനായി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന് സമർപ്പിച്ചുവെങ്കിലും അനുമതി ലഭിച്ചില്ല. കേന്ദ്രമന്ത്രിയുമായുള്ള യോഗത്തിൽ ഇക്കാര്യം ഉന്നയിക്കുകയും അടിയന്തിരമായി പ്രശ്നം പരിഹരിക്കാനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

(16) <u>പാറശ്ശാല മണ്ഡലത്തിലെ യാത്രാക്ലേശം</u>

<u>ശ്രീ. ആർ. സെൽവരാജ്</u> : പാറശ്ശാല കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽനിന്നും ഉൾപ്രദേശങ്ങളിലേയ്ക്കുള്ള സർവ്വീസുകളും ദീർഘദൂര സർവ്വീസുകളും പൂർണ്ണമായും നിർത്തലാക്കിയിരിക്കുന്നതിനാൽ യാത്രക്കാർ വളരെ ബുദ്ധിമുട്ടുകയാണ്. കെ. എസ്. ആർ.ടി.സി. പുതിയതായി നിരത്തിലിറക്കിയ ബസ്സുകൾ ഈ ഡിപ്പോയ്ക്ക് അനുവദിക്കുകയും നിർത്തലാക്കിയ സർവ്വീസുകൾ പുനരാരംഭിക്കുകയും ചെയ്യണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്)</u> : നാഗർകോവിലിലേയ്ക്കും കന്യാകുമാരിയിലേയ്ക്കുമുള്ള അന്തർ സംസ്ഥാന സർവ്വീസുകളുൾപ്പെടെ പാറശ്ശാലയിൽനിന്നും ആകെ 1784 ട്രിപ്പുകൾ നടത്തുന്നുണ്ട്. നിരത്തിലിറക്കിയ പുതിയ ബസ്സുകളിൽ 28 ബസ്സുകൾ പാറശ്ശാല ഡിപ്പോയ്ക്ക് നൽകിയത് അപര്യാപ്തമാണോ എന്ന് പരിശോധിക്കുന്നതാണ്.

(17) <u>വൈഗൈ ത്രെഡ്സ് പ്രൊസസ്സേഴ്സ് ലിമിറ്റഡ് കമ്പനി നിലനിർത്തേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. ബി. ഡി. ദേവസ്സി</u> : 2500 പേർ ജോലി ചെയ്തിരുന്ന വൈഗൈ ത്രെഡ്സ് കേരളത്തിലെ ഏറ്റവും വലിയ ഫാക്ടറികളിലൊന്നായിരുന്നു. അവിടെ ഇപ്പോൾ 315 പേർ മാത്രമാണ് ജോലി ചെയ്യുന്നത്. ബി.ഐ.എഫ്. ആർ. ഈ കമ്പനി പൂട്ടണമെന്നാണ് പറയുന്നത്. തൊഴിൽ -വ്യവസായ വകുപ്പുമന്ത്രിമാർ മുൻകൈ എടുത്ത് ചർച്ചകൾ പലതും നടത്തിയെങ്കിലും മാനേജ്മെന്റ് നിഷേധാത്മക നിലപാടാണ് സ്വീകരിച്ചത്. ഈ സാഹചര്യ ത്തിൽ കമ്പനി പൂട്ടിയിട്ടാൽ താൽക്കാലികമായി ജോലി ചെയ്തുകൊണ്ടി രിക്കുന്ന തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുകയും അവരുടെ കുടുംബങ്ങൾ പട്ടിണിയിലാവുകയും ചെയ്യും. നിലവിലുള്ള തൊഴിലാളിക ളുടെ തൊഴിൽ നഷ്ടപ്പെടാതെ കമ്പനി നിലനിർത്താനാവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പു മന്ത്രി <u>(ശ്രീ. എളമരം കരീം):</u> വൈഗൈ ത്രെഡ്സ് 1994-ലാണ് കൊരട്ടിയിൽ പ്രവർത്തനം ആരംഭിച്ചത്. മദുരാ കോട്സിന്റെ സ്ഥലം കമ്പനി വിലയ്ക്ക് വാങ്ങുകയാണ് ചെയ്തത്. എന്നാൽ 1998-99 ആയപ്പോൾ വലിയ നഷ്ടം വന്നു, കമ്പനി സിക്ക് യൂണിറ്റായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടത നുസരിച്ച് ബി. ഐ. എഫ്. ആർ. ഈ കമ്പനിയെ സിക്ക് യൂണിറ്റായി പ്രഖ്യാപിച്ച് ഒരു റിവൈവൽ പാക്കേജ് സമർപ്പിക്കാൻ ആവശ്യപ്പെട്ടു. കമ്പനി സമർപ്പിച്ച റിവൈവൽ പാക്കേജ് അനുസരിച്ച് സർക്കാർ ചില കാര്യങ്ങളിൽ ഇളവുകൾ നൽകിയാൽ മാത്രമേ ആ റിവൈവൽ പാക്കേജ് വയബിളാകുമാ

യിരുന്നുള്ളൂ. വൈദ്യുതി, നികുതി, തദ്ദേശ ഭരണ വകുപ്പുകളെല്ലാം ചേർന്ന് നൽകേണ്ട ഇളവുകളെ സംബന്ധിച്ച് ഗവൺമെന്റ് ചർച്ച ചെയ്തപ്പോൾ ഒരു സ്വകാര്യ കമ്പനിക്ക് അവർ ആവശ്യപ്പെട്ട ഇളവുകൾ നൽകാൻ കഴിയില്ല എന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചത്. തുടർന്ന് വയബിളായ ഒരു പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കാൻ കഴിയാതെ വന്നതിനാൽ കമ്പനിയുടെ പ്രവർത്തനം നിലച്ചു. തൊഴിലാളി സംഘടനകളും കമ്പനിയും തമ്മിൽ യോജിച്ചുപോകാൻ കഴിയാത്ത സ്ഥിതിവിശേഷവും ഉണ്ടായി. ഈ സാഹചര്യത്തിൽ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിച്ച് കമ്പനിയുടെ പ്രവർത്തനം സുഗമമാക്കി നടത്താൻ സാധിക്കുന്ന ഒരു ഒത്തുതീർപ്പ് ഉണ്ടാക്കാനായി തൊഴിൽ-വ്യവസായ വകുപ്പ് മന്ത്രിമാർ ഇടപെട്ട് മാനേജ്മെന്റുമായി നിരവധി തവണ കൂടിയാലോചനകൾ നടത്തിയെങ്കിലും സർക്കാർ മുന്നോട്ടുവച്ച ഒത്തുതീർപ്പ് നിർദ്ദേശങ്ങൾ അംഗീകരിക്കാൻ മാനേജ്മെന്റ് സന്നദ്ധമാകാത്ത സാഹചര്യത്തിൽ കമ്പനിയുടെ കൈവശമുള്ള 44.43 ഏക്കർ ഭൂമിയുടെ പാട്ടം റദ്ദ് ചെയ്ത് തിരിച്ചുപിടിക്കാൻ 13-07-2007-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും മാനേജ്മെന്റ് കമ്പനി അടച്ചുപൂട്ടാൻ അനുമതി ആവശ്യപ്പെട്ടുകൊണ്ട് ബി. ഐ. എഫ്. ആർ-നെ സമീപിക്കുകയും ചെയ്തു. അതനുസരിച്ച് 20-06-2008-ന് കമ്പനി വൈൻഡപ്പ് ചെയ്യാനുള്ള ഓർഡർ ബി. ഐ. എഫ്. ആർ. ഇറക്കി. ഏതെങ്കിലും പ്രൊമോട്ടർക്കോ തൊഴിലാളി സംഘടനകൾക്കോ വ്യക്തമായ പുനരുദ്ധാരണ പദ്ധതിയുണ്ടെങ്കിൽ സമർപ്പിക്കാമെന്ന് ബി.ഐ. എഫ്. ആർ.-ന്റെ ഉത്തരവിൽ സൂചിപ്പിച്ചിട്ടുണ്ട്. അതനുസരിച്ച് തൊഴിലാളി സംഘടനകളുമായി കൂടിയാലോചിക്കാൻ 07-07-2008-ന് തൊഴിൽ-വ്യവസായ വകു

പ്പുമന്ത്രിമാർ ഒരു യോഗം വിളിച്ചുചേർത്തിട്ടുണ്ട്. അവരുടെ നിർദ്ദേശങ്ങൾ കേട്ടശേഷം ഇക്കാര്യത്തിൽ ഒരു തീരുമാനം എടുക്കാമെന്നാണ് തീരുമാനിച്ചിട്ടുളളത്.

**അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**പ്രത്യേക പരാമർശം**

അനൗദ്യോഗിക പ്രമേയങ്ങളുടേയും ബില്ലുകളുടേയും അവതരണം

ശ്രീ. ജി. കാർത്തികേയൻ: വെളളിയാഴ്ച ദിവസം അനൗദ്യോഗിക പ്രമേയങ്ങൾക്കും ബില്ലുകൾക്കും വേണ്ടി വ്യർത്ഥമായി മണിക്കൂറുകൾ ചെലവാക്കുന്നതു സംബന്ധിച്ച് കക്ഷിനേതാക്കന്മാരുമായി ചർച്ച ചെയ്ത് ഇതിനൊരു പുതിയ രൂപം നൽകാമെന്ന് കഴിഞ്ഞ സഭയിൽ സ്പീക്കർ ഉറപ്പു നൽകിയിരുന്നതാണ്.

ശ്രീ. സാജു പോൾ: മറ്റു പല സംസ്ഥാനങ്ങളിലും അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും വളരെ ഗൗരവമായെടുക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്നുണ്ട്. ഈ ദിവസം സബ്മിഷനുകളുടെ എണ്ണം കുറച്ചും നറുക്കെടുക്കുന്ന ക്രമത്തിലും ബില്ലുകൾ അവതരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: വെളളിയാഴ്ച ദിവസങ്ങളിലെ സമയം അസാധുവായിപ്പോവുകയാണ്. ഒരൊറ്റ സ്വകാര്യ ബില്ലിനുപോലും ജീവൻ വയ്ക്കുന്നില്ല.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഇതുസംബന്ധിച്ച് ചർച്ച ചെയ്യുന്നത് നല്ലതാണ്. അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും അവതരിപ്പിക്കുന്ന വെള്ളിയാഴ്ച ദിവസം സഭ സമ്മേളിക്കുന്നത് 12.30 വരെമാത്രമായതുകൊണ്ട് അത് മറ്റൊരു ദിവസത്തേയ്ക്ക് മാറ്റാവുന്നതാണ്. ഒരൊറ്റ ബില്ലിനും ജീവൻ വയ്ക്കുന്നില്ല എന്നുപറയുന്നത് ശരിയല്ല. പ്രസ്തുത ബില്ലുകളുടെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് ധാരാളം നിയമ നിർമ്മാണങ്ങളുണ്ടാകാറുണ്ട്.

**റൂളിംഗ്**

മി. ഡെപ്യൂട്ടി സ്പീക്കർ: സ്വകാര്യ ബില്ലുകളുടെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ടും ഇതുസംബന്ധിച്ച കമ്മിറ്റി റിപ്പോർട്ടുകളുമായി ബന്ധപ്പെട്ടുകൊണ്ടുമുള്ള നിയമനിർമ്മാണങ്ങളും നടപടിക്രമങ്ങളും പലപ്പോഴും ഉണ്ടായിട്ടുണ്ട്. സ്വകാര്യ ബില്ലുകളെ സംബന്ധിച്ച് പൊതുവായ ചർച്ച നടത്തേണ്ടത് ആവശ്യമാണെന്നുള്ള വികാരത്തോട് യോജിക്കുന്നു.

(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(1) 2006-ലെ കേരള പണിമുടക്ക് അവകാശ സംരക്ഷണ നിയമ ബിൽ

ശ്രീ. ആർ. സെൽവരാജ്: 2006-ലെ കേരള പണിമുടക്ക് അവകാശ സംരക്ഷണ നിയമ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു

മന്ത്രി (ശ്രീ. എം. വിജയകുമാർ): ബിൽ സ്വീകാര്യമല്ല. തൊഴിലാളികളുടെ പണിമുടക്കാനുള്ള അവകാശം അന്യാധീനപ്പെടുത്താൻ കഴിയാത്തതാണ് എന്നതിനാൽ ബില്ലിന്റെ ഉള്ളടക്കത്തോട് യോജിക്കുന്നു. എന്നാൽ ബില്ലിലെ വ്യവസ്ഥകൾ 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങ ൾക്കും കേന്ദ്ര വ്യവസായ തൊഴിൽത്തർക്ക നിയമത്തിലെ വ്യവസ്ഥകൾക്കും വിരുദ്ധമായതിനാൽ ഇത് പാസ്സാക്കണമെങ്കിൽ രാഷ്ട്രപതിയുടെ മുൻകൂർ അനുവാദം ആവശ്യമാണ്. അങ്ങനെയുള്ള നിയമപരമായ പ്രശ്നമുള്ളതി നാൽ പ്രസ്തുത ബിൽ അംഗീകരിക്കാൻ നിർവ്വാഹമില്ല.

ശ്രീ. ആർ. സെൽവരാജ്: സംസ്ഥാന സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സെൽഫ് ഫിനാൻസിംഗ് മേഖല എന്നിവിടങ്ങളിലെ തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി കൂട്ടായ വിലപേശൽ നടത്താനും സംഘടനകൾക്ക് പണിമുടക്ക് സംഘടിപ്പി ക്കാനും തൊഴിലാളികൾക്ക് പണിമുടക്കാനുമുള്ള അവകാശം സംരക്ഷി ക്കുന്നതിനുള്ള നിയമമാണിത്. ഈ ബില്ലിലെ വ്യവസ്ഥകൾ പരിപാലിക്കു ന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ സഞ്ചിത നിധിയിൽ നിന്നും യാതൊരു ചെലവും നിർവ്വഹിക്കേണ്ടതില്ല. ഭരണപരമായ നടപടിക്രമങ്ങൾക്കുവേണ്ടി യുള്ള അധികാരങ്ങൾക്കു വേണ്ടിയാണ് പ്രസ്തുത ബിൽ കൊണ്ടുവന്നിട്ടുള്ളത്. ലോകമെമ്പാടും അംഗീകരിക്കപ്പെട്ട അവകാശത്തിന് ലിഖിത രൂപത്തിലുള്ള നിയമം അനിവാര്യമാണ്.

(ചർച്ച തുടരും)

(2) 2008-ലെ കേരള മാനസികാരോഗ്യ (പരിപാലന) ബിൽ

ശ്രീ. സാജു പോൾ: 2008-ലെ കേരള മാനസികാരോഗ്യ (പരിപാലന) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u>: പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (<u>ശ്രീ. എം. വിജയകുമാർ</u>): ബിൽ സ്വീകാര്യമല്ല.

<u>ശ്രീ. സാജു പോൾ:</u> കേരളത്തിലെ മാനസിക വൈകല്യമുള്ളവരെ പരിരക്ഷിക്കുന്നതിനും അവരുടെ ക്ഷേമ പുനരുദ്ധാരണത്തിനുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതാണ് ഈ ബിൽ. ജന്മനാലും ജീവിത സാഹചര്യങ്ങൾകൊണ്ടും അൽഷിമേഴ്സ് പോലുള്ള രോഗങ്ങൾമൂലവും അനാഥരും നിരാലംബരുമായ മാനസിക രോഗികൾക്ക് കരുണയും കരുതലും നൽകുകയാണ് ഈ ബില്ലിന്റെ ലക്ഷ്യം. ഇത്തരം രോഗികളെ സംരക്ഷിക്കുന്നതിനും രോഗം മാറിയവരെ പുനരധിവസിപ്പിക്കുന്നതിനും സംവിധാനമുണ്ടാകണം. ഇതിനായി മാനസികാരോഗ്യ (പരിപാലന) ബോർഡ് രൂപീകരിക്കണം. മാനസിക വൈകല്യമുള്ളവരുടെ ആരോഗ്യ പ്രശ്നങ്ങൾ വിലയിരുത്തി കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും ചികിത്സാനിർണ്ണയം നടത്തുന്നതിനും ഈ ബിൽ അംഗീകരിക്കേണ്ടത് ആവശ്യമാണ്.

(ചർച്ച തുടരും)

(3) <u>2007-ലെ കേരള സംസ്ഥാന നിധികൾ സംരക്ഷണ ബിൽ</u>

<u>ശ്രീ. സാജു പോൾ:</u> 2007-ലെ കേരള സംസ്ഥാന നിധികൾ സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u>: പ്രമേയത്തെ പിന്താങ്ങുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (<u>ശ്രീ. എം. വിജയകുമാർ</u>): വളരെ കാലിക പ്രസക്തിയുള്ള

പ്രസ്തുത ബില്ലിന്റെ അന്തസ്സത്ത ഉൾക്കൊണ്ടുകൊണ്ട് ഒരു സമഗ്ര നിയമ നിർമ്മാണത്തിനുവേണ്ടി മന്ത്രിസഭാ യോഗത്തിൽ തീരുമാനങ്ങളെടുത്ത് അതിന്റെ നടപടികളുമായി സർക്കാർ മുന്നോട്ടുപോകുന്ന പശ്ചാത്തലത്തിൽ ഈ ബിൽ അംഗീകരിക്കേണ്ടതില്ല.

ശ്രീ. സാജു പോൾ: ഒരു ഭാഗത്ത് സർക്കാരിന്റേയും സർക്കാർ സ്ഥാപനങ്ങളുടേയും കടം പെരുകുമ്പോൾ മറുഭാഗത്ത് പൊതു സ്വത്ത് കവർന്നെടുക്കുന്ന ഒരുപറ്റം രാഷ്ട്രീയ നേതാക്കന്മാരും ഉദ്യോഗസ്ഥ പ്രമാണികളും ആഡംബരത്തിന്റെയും ആർഭാടത്തിന്റെയും സുഖഭോഗത്തിന്റെയും ശീതളഛായയിൽ മദിച്ചുകഴിയുകയാണ്. വരവിൽ കവിഞ്ഞ സ്വത്തുസമ്പാദിക്കലും ചെലവു നിയന്ത്രിക്കാൻ നടപടികളുമുണ്ടാകാത്തതിനാൽ അഴിമിതി നടത്തിയവർ പിന്നീട് ആ പണത്തിന്റെ ബലത്തിൽ മാന്യന്മാരായിത്തീരുന്ന സാഹചര്യമാണുള്ളത്. ട്രസ്റ്റുകളുടേയും ജീവകാരുണ്യ പ്രവർത്തനങ്ങളുടേയുമൊക്കെ മറവിൽ കുറച്ചുപേർ തടിച്ചുകൊഴുക്കുന്നത് വിജിലൻസ് വിഭാഗം ഫലപ്രദമായി പ്രവർത്തിക്കാത്തതുകൊണ്ടാണ്. അനധികൃത സമ്പാദ്യവും സ്വത്തുക്കൾ, വരവിൽക്കവിഞ്ഞ ചെലവുമൊക്കെ കണ്ടെത്താൻ ഒരു അതോറിറ്റി രൂപീകരിക്കണം. അഴിമതിക്കാർ ശിക്ഷിക്കപ്പെടുമെന്നും കവർന്നെടുക്കുന്ന സ്വത്തുക്കൾ കണ്ടുകെട്ടുമെന്നും ഉറപ്പാക്കാൻ ഈ നിയമം പാസ്സാക്കണം.

(ചർച്ച തുടരും)

(4) 2008-ലെ കേരള പ്രൊഫഷണൽ നാടക ട്രൂപ്പ് രജിസ്ട്രേഷനും നാടക കലാകാരൻമാർക്ക് നിർബന്ധിത ഇൻഷ്വറൻസ് ഏർപ്പെടുത്തലും ക്ഷേമ നിധി സംസ്ഥാപനവും ബിൽ

ശ്രീ. സാജുപോൾ : 2008-ലെ കേരള പ്രൊഫഷണൽ നാടക ട്രൂപ്പ് രജിസ്ട്രേഷനും നാടക കലാകാരൻമാർക്ക് നിർബന്ധിത ഇൻഷ്വറൻസ് ഏർപ്പെടുത്തലും ക്ഷേമനിധി സംസ്ഥാപനവും ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ.ആർ സെൽവരാജ് : പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കു വേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം. വിജയകുമാർ) : ഈ ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടപ്രകാരം ബിൽ നിയമമാക്കുമ്പോൾ സംസ്ഥാനത്തെ സഞ്ചിതനിധിയിൽനിന്ന് ചെലവുണ്ടാകുമെന്നാണ് സംസ്ഥാന സർക്കാർ കാണുന്നത്. അതുകൊണ്ട് അതിന് ഭരണഘടനാപരമായി ഗവർണറുടെ മുൻകൂർ അനുമതി ആവശ്യമാണ്. നാടക കലാകാരൻമാർ ഉൾപ്പെടെയുള്ള സാംസ്കാരിക പ്രവർത്തകർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിന് ചലച്ചിത്ര അക്കാഡമി സെക്രട്ടറി കൺവീനറായി ഒരു കമ്മിറ്റി രൂപീകരിച്ച് അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ ബിൽ അംഗീകരിക്കാൻ കഴിയുകയില്ല.

ശ്രീ. സാജുപോൾ : നാടകങ്ങൾ കേരളത്തിലെ രാഷ്ട്രീയ സാമൂഹ്യ മണ്ഡലങ്ങളിൽ അവിതർക്കവും അഗാധവുമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. കേരളത്തിൽ നിലനിന്നുപോന്നിരുന്ന അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, സാമൂഹ്യ തിൻമകൾ എന്നിവയിൽ നിന്നെല്ലാം മോചനം ഉണ്ടാക്കുന്നതിന് നാടകങ്ങൾ നല്ല പങ്ക് വഹിച്ചിട്ടുണ്ട്. കേരളത്തെ പ്രബുദ്ധ സുന്ദര സാക്ഷരമാക്കിത്തീർത്തതിനുപിന്നിൽ നാടകങ്ങൾക്കുള്ള പങ്ക് ചെറുതല്ല. നാടകങ്ങൾ കേരളത്തിന്റെ നഗരഹൃദയങ്ങളേയും ഗ്രാമപ്രാന്തങ്ങളേയും ചലനാത്മകവും

ഓജസ്സുറ്റതുമാക്കിത്തീർത്തു. കേരളത്തിലെ പ്രൊഫഷണൽ നാടക ട്രൂപ്പുകളുടെ അവസ്ഥ വളരെ ദയനീയമാണ്. സാമൂഹ്യ പുരോഗതിക്ക് വിലയേറിയ സംഭാവന നൽകുന്ന നാടക കലാകാരൻമാർ പ്രൊഫഷണൽ നാടക ട്രൂപ്പ് മുതലാളിമാരുടെ ചൂഷണത്തിന് പാത്രീഭൂതരാകേണ്ടിവരുന്നു. ഉത്സവ സീസണിലും മറ്റും ഒരേ ദിവസം വ്യത്യസ്ഥ വേദികളിൽ നാടകമവതിപ്പിക്കുവാനുള്ള ദീർഘയാത്രകളിൽ റോഡപകടങ്ങളിൽപ്പെട്ട് മരിക്കുന്ന കലാകാരൻമാരുടെ ആശ്രിതർക്ക് യാതൊരുവിധ പരിരക്ഷയോ ആനുകൂല്യങ്ങളോ ലഭിക്കുന്നില്ല. പരിക്കേൽക്കുന്ന കലാകാരന്മാർക്കും പരിരക്ഷകൾക്കു വ്യവസ്ഥയില്ല. ട്രൂപ്പുകളിൽ രജിസ്റ്റർ ചെയ്യുന്ന നാടക കലാകാരൻമാർക്ക് നിർബന്ധിത ഇൻഷ്വറൻസും ക്ഷേമനിധിയും ഏർപ്പെടുത്തുന്നതിന് ഈ നിയമം അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(ചർച്ച തുടരും)

(5) <u>2008-ലെ കേരള കുടിയേറ്റ അന്യസംസ്ഥാന തൊഴിലാളിക്ഷേമ സുരക്ഷിതത്വ നിഷ്കർഷതാ ബിൽ</u>

<u>ശ്രീ. സാജുപോൾ</u> : 2008-ലെ കേരള കുടിയേറ്റ അന്യസംസ്ഥാന തൊഴിലാളിക്ഷേമ സുരക്ഷിതത്വ നിഷ്കർഷതാ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ.പി. ജയരാജൻ</u> : പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (<u>ശ്രീ.എം. വിജയകുമാർ</u>) :ഇതര സംസ്ഥാനങ്ങളിൽനിന്ന് ഉപജീവനാർത്ഥം കേരളത്തിലെത്തുന്ന തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ട്. അഞ്ചോ അതിൽ കൂടുതലോ തൊഴിലാളികൾ ഒരു കരാറുകാരൻ

മുഖേന അന്യ സംസ്ഥാനത്ത് ജോലിക്കായി എത്തുമ്പോൾ 1979-ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമപ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങൾക്കും അർഹരായിത്തീരും. എന്നാൽ സ്വമേധയാ ജോലിക്കെത്തുന്നവർക്ക് പ്രസ്തുത നിയമത്തിന്റെ പരിരക്ഷ ലഭിക്കുകയില്ല. അതുകൊണ്ട് ഇവർക്ക് നിലവിലുള്ള കേരള ബിൽഡിംഗ്സ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കുന്നതിന് ഇപ്പോൾ യാതൊരു നിയമതടസ്സവുമില്ല. ഈ സാഹചര്യത്തിൽ പ്രത്യേക ക്ഷേമനിധി രൂപീകരിക്കേണ്ട ആവശ്യമില്ലാത്തതിനാൽ ഈ ബിൽ സ്വീകരിക്കാൻ നിർവ്വാഹമില്ല.

ശ്രീ. സാജുപോൾ: ഇതര സംസ്ഥാനങ്ങളിൽനിന്ന് ആയിരക്കണക്കിന് തൊഴിലാളികളാണ് വിവിധ തൊഴിലുകൾക്കായി ഇവിടെ എത്തുന്നത്. ലാഭേച്ഛയിൽ പ്രചോദിതരായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന സംരംഭകരുടെ മനുഷ്യത്വരഹിത ചൂഷണത്തിന് വിധേയരായി യാതൊരുവിധ സേവന-വേതന വ്യവസ്ഥയോ ജീവന് സുരക്ഷിതത്വമോ ഇല്ലാതെ അടിമത്തത്തോടടുക്കുന്നവിധം പണിചെയ്ത് ജീവാപായവും രോഗാതുരതകളും ഏറ്റുവാങ്ങുന്ന പ്രസ്തുത തൊഴിലാളികൾക്ക് പരിരക്ഷ ഉറപ്പാക്കുന്നതിന് ഈ ബില്ലിന് അവതരണാനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

(ചർച്ച തുടരും)

(6) 2007-ലെ കേരള ജൈവ ഭൗതിക പരിസ്ഥിതി സംരക്ഷണ നിയന്ത്രണ ബിൽ

ശ്രീ.എം. ഹംസ : 2007-ലെ കേരള ജൈവ ഭൗതിക പരിസ്ഥിതി സംരക്ഷണ നിയന്ത്രണ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ.വി. ശിവൻകുട്ടി</u> : പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (<u>ശ്രീ.എം.വിജയകുമാർ</u>) : കേരളത്തിൽ ജൈവ ഭൗതിക പരിസ്ഥിതി സംരക്ഷണത്തിന് ഇപ്പോൾതന്നെ നിരവധി ചട്ടങ്ങൾ നിലവിലുണ്ട്. കേന്ദ്ര സർക്കാരിന്റെ ജൈവവൈവിദ്ധ്യ നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ ജൈവ വൈവിദ്ധ്യ ബോർഡിന് രൂപം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ജൈവവൈവിദ്ധ്യ മാനേജ്മെന്റ് കമ്മിറ്റികളും ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികളും നിലവിൽ വരുന്നതാണ്. കേരള ജൈവവൈവിദ്ധ്യ ചട്ടങ്ങൾ നിലവിൽ വരുന്നതോടുകൂടി വാണിജ്യാടിസ്ഥാനത്തിലുള്ള ജൈവ വിഭവ ശേഖരണത്തിനും നിയന്ത്രണങ്ങൾ ഉണ്ടാകും. പ്രസ്തുത സാഹചര്യത്തിൽ ബിൽ സ്വീകാര്യമല്ല.

<u>ശ്രീ. എം. ഹംസ</u> : ജൈവഭൗതിക പരിസ്ഥിതി സംരക്ഷണത്തിന് നിലവിൽ നിരവധി നിയമങ്ങളുണ്ടെങ്കിലും വായു, ജലം, മണ്ണ്, വൃക്ഷലതാദികൾ, ജൈവസ്വത്തുക്കൾ എന്നിവ സംരക്ഷിക്കുന്നതിനും കേരളത്തെ പരിസ്ഥിതി സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനും ഈ മേഖലയിൽ പഠനം നടത്തിയ വിദഗ്ദ്ധരുടെ അഭിപ്രാങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടികൾ ഉൾപ്പെടെ കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള മാതൃകാപരമായ ഒരു സംവിധാനം ഉണ്ടാകണം. നെൽവയലുകൾ സംരക്ഷിക്കപ്പെട്ടില്ലെങ്കിൽ കുടിവെള്ളംപോലും ലഭിക്കാത്ത സാഹചര്യമുണ്ടാകും. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ആശങ്കയിൽനിന്ന് പരിസ്ഥിതിയെ സംരക്ഷിക്കാൻ കഴിയുന്ന രീതിയിൽ മാതൃകാപരമായ ഒരു നിയമം നടപ്പിലാക്കിയ

സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കണം. അതുകൊണ്ട് ഈ ബിൽ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(7) 2007-ലെ നിർദ്ധനർക്കായുള്ള നീതി ഉറപ്പാക്കൽ, നിയമസംരക്ഷണ ബിൽ

ശ്രീ.എം. ഹംസ : 2007-ലെ നിർദ്ധനർക്കായുള്ള നീതി ഉറപ്പാക്കൽ, നിയമസംരക്ഷണ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ.പി. ജയരാജൻ : പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കു വേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം. വിജയകുമാർ) :സാമൂഹിക പ്രതിബദ്ധത ഉൾക്കൊള്ളുന്ന ഒരു ബില്ലാകയാൽ ഇതിന്റെ ഉള്ളടക്കത്തോട് പൂർണ്ണമായി യോജിക്കുകയാണ്. ഈ ബില്ലിലെ വ്യവസ്ഥകൾ കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. അതുകൊണ്ടുതന്നെ ഇത്തരത്തിൽ ഒരു നിയമം കൊണ്ടുവരുന്നതിന് ഭരണഘടനാ ചട്ടപ്രകാരം രാഷ്ട്രപതിയുടെ മുൻകൂർ അനുമതി വേണം. ധനകാര്യ മെമ്മോറാണ്ടത്തിൽ പറയുന്നതു പ്രകാരം സഞ്ചിതനിധിയിൽനിന്ന് ചെലവാക്കുന്നതിന് ഗവർണറുടെ മുൻകൂർ ശുപാർശയും ആവശ്യമാണ്. ഈ കാരണങ്ങളാൽ ബിൽ അംഗീകരിക്കാൻ കഴിയുകയില്ല.

ശ്രീ.എം.ഹംസ : ഇൻഡ്യൻ ഭരണഘടന വിഭാവനം ചെയ്യുന്നത് അനുസരിച്ച് രാജ്യത്ത് തുല്യനീതി ഉറപ്പാക്കേണ്ടതുണ്ട്. സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗത്തിന് നിയമസംരക്ഷണത്തിനായി സുപ്രീം കോടതിയിലോ ഹൈക്കോടതിയിലോ പോകുന്നതിന് അവസരമില്ലാത്തതു കാരണം നീതി നിഷേധിക്കപ്പെടുകയാണ്. നിർദ്ധനനായി

എന്ന ഒറ്റക്കാരണത്താൽ ഒരു വ്യക്തിക്ക് നീതി നിഷേധിക്കപ്പെടുന്ന ഗുരുതര മായ സാഹചര്യം ഉണ്ടാകാൻ പാടില്ല. ഈ ബില്ലിന് അവതരണാനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

(ചർച്ച തുടരും)

(8) 2008-ലെ കേരള പാചക തൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീ.ബി. ബാബു പ്രസാദ് : 2008-ലെ കേരള പാചക തൊഴിലാളി ക്ഷേമനിധി ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം അവതരിപ്പി ക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർല മെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം.വിജയകുമാർ): സംസ്ഥാനത്ത് പാചകത്തൊഴി ലാളികൾക്കു മാത്രമായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നത് പ്രായോഗികമല്ല. അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന കൈത്തൊഴിലാളികൾക്കും മറ്റ് വിദഗ്ദ്ധ തൊഴിലാളികൾക്കും ആനുകൂല്യങ്ങൾ നൽകുന്നതിന് ഇപ്പോൾ കൈത്തൊഴിലാളി-വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി രൂപീകരിച്ച് പ്രവർത്തിച്ചുവരികയാണ്. അതിൽ പ്രസ്തുത വിഭാഗത്തെക്കൂടി ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ ഈ ബില്ലിന്റെ ആവശ്യമില്ല.

(ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.